# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## അന്ന് അമ്മ അങ്ങനെ പറഞ്ഞില്ലായിരുന്നു എങ്കിൽ



### വർഷം 1919.സ്ഥലം പോളണ്ടിലെ ക്രാക്കോവ്.

അവിടെയുള്ള ഒരു ഹോസ്പിറ്റലിലെ ഗൈനക്കോളജി വിഭാഗം ഡോക്ടറെ കണ്ട് പുറത്തേക്കിറങ്ങുമ്പോൾ ആ ദമ്പതികളുടെ മുഖത്ത് വലിയൊരു ആകുലതയായിരുന്നു നിറഞ്ഞുനിന്നിരുന്നത്. എന്തു തീരുമാനമെടുക്കണമെന്ന് അറിഞ്ഞുകൂടാത്ത നിസ്സഹായത അവരെ അത്രമേൽ പിടികൂടിയിരുന്നു.

ആസ്ട്രോ ഹംഗേറിയൻ സാമ്രാജ്യത്തിലെ പട്ടാളത്തിലെ ഭടനായിരുന്ന ഭർത്താവ് കരോൾ ജോസഫ് വോയ്റ്റീവ ഭാര്യ എമിലിയ സാധാരാണക്കാരിയായ വീട്ടമ്മയും. അവള് മൂന്നാമതും ഗർഭിണിയായിരുന്നു. പക്ഷേ അതല്ല പ്രശ്നം ഡോക്ടറുടെ വാക്കുകളാണ് അവരെ തളർത്തിക്കളഞ്ഞത്. എമിലി ഈ ഗർഭധാരണം നിന്റെ ആരോഗ്യത്തിന് മാത്രമല്ല ജീവന് തന്നെ ഹാനികരമാണ്. അതുകൊണ്ട് ഈ കുഞ്ഞിനെ നശിപ്പിച്ചുകളയൂ. നിന്റെ എഡ്മുണ്ട് അമ്മയില്ലാതെ വളരുന്നതിലും ഭേദമല്ലേ ഈ കുഞ്ഞിനെ നിങ്ങൾ വേണ്ടെന്ന് വയ്ക്കുന്നത്.

ഒരു ഡോക്ടർക്ക് വളരെ നിസാരമായി അങ്ങനെ പറയാൻ കഴിയും. പക്ഷേ ഒരമ്മയ്ക്ക് അങ്ങനെ നിസ്സാരമായി തന്റെ കുഞ്ഞിനെ നശിപ്പിച്ചുകളയാൻ കഴിയില്ല. അതും ഒരു കുഞ്ഞിനെ നഷ്ടപ്പെട്ട ഒരമ്മയ്ക്ക്. എമിലി ഇതിന് മുമ്പ് രണ്ട് വട്ടം ഗർഭിണിയായിരുന്നു. മൂത്തമകൻ എഡ്മുണ്ട് രണ്ടാമത്തേത് ഓൾഗ. കണ്ട് കൊതിതീരുന്നതിന് മുമ്പ് അവൾ സ്വർഗ്ഗത്തിലേക്ക് തന്നെ മടങ്ങിപ്പോയി. ഹൃദയഭേദകമായിരുന്നു ആ ദമ്പതികളെ സംബന്ധിച്ച് ഓൾഗയുടെ മരണം. ആ മരണത്തിന്റെ മുറിവിൽ നിന്ന് ഇപ്പോഴും ചോര കിനിയുന്നുണ്ട്. അപ്പോഴാണ് ഏതോ ദൈവികനിയോഗം പോലെ മൂന്നാമതും ഗർഭിണിയായിരിക്കുന്നത്. പക്ഷേ വൈദ്യശാസ്ത്രം പറയുന്നു. ഈ കുഞ്ഞിനെ വേണ്ടെന്ന് വയ്ക്കാൻ. എമിലിയെന്തു ചെയ്യും? ഭർത്താവ് കരോൾ ജോസഫ് വൊയ്റ്റീവ എന്തു ചെയ്യും? ഇരുവരുടെയും ഉള്ളിൽ ഒരു യുദ്ധം നടക്കുകയായിരുന്നു. ജീവനുവേണ്ടിയുള്ള യുദ്ധം മരണത്തിന് വേണ്ടിയുള്ള യുദ്ധം.

ഒടുവിൽ എമിലി ഭർത്താവനോട് പറഞ്ഞു..'ഞാൻ ഈ കുഞ്ഞിനെ നശിപ്പിക്കില്ല. ദൈവം

വേണമെങ്കിൽ എന്റെ ജീവനെടുത്തോട്ടെ.. ദൈവത്തിന് ഈ കുഞ്ഞിനെക്കുറിച്ച് എന്തോ വലിയ പദ്ധതിയുണ്ടെന്ന് എന്റെ മനസ്സ് പറയുന്നു'. ഇപ്പോൾ ജോസഫ് എമിലിയുടെ കണ്ണുകളിൽ കണ്ടത് ഏതോ ദൈവീകമായ പ്രകാശം പരക്കുന്നതാണ്. പിന്നെ അയാൾക്ക് എതിർത്തൊന്നും പറയാൻ കഴിഞ്ഞില്ല. ഭാര്യയുടെ ജീവൻ അയാൾക്ക് വലുതാണ്. അതോടൊപ്പം കുഞ്ഞും അയാൾക്ക് വലുതാണ്. ദൈവഹിതത്തിന് പൂർണ്ണമായും കീഴടങ്ങാൻ അയാൾ തീരുമാനിച്ചു. പിന്നെ ആ ദമ്പതികൾ കടന്നുപോയത് അതുവരെയും കടന്നുപോയിട്ടില്ലാത്ത പ്രാർത്ഥനകളിലൂടെയാണ്. ഒടുവിൽ കാത്തിരിപ്പിന്റെ ആ ദിനമെത്തി. 1920 മെയ് 18. എമിലിയ പ്രസവിച്ചു. സുന്ദരനായ ഒരാൺകുട്ടി. അവനെ എടുത്ത് ഉമ്മവയ്ക്കുമ്പോൾ കരോൾ ജോസഫ് വോയ്റ്റീവയുടെയും എമിലിയായുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. ഈ തങ്കക്കുടത്തെയാണല്ലോ വേണ്ടെന്ന് വയ്ക്കാൻ ഡോക്ടർ പറഞ്ഞത്.

വർഷം പലതു കടന്നുപോയി. എമിലിയ മരിച്ചു. ജോസഫ് വോയ്റ്റീവ മരിച്ചു. എഡ്മുണ്ടും മരിച്ചു. അന്നത്തെ കുഞ്ഞ് വളർന്നു...വലുതായി...അനാഥത്വത്തിന്റെയും ഏകാന്തതയുടെയും പീഠഭൂമിയിൽ നിന്നു കൊണ്ട് തന്നെ...ഏതുവഴിയെ വേണമെങ്കിലും ചിതറിക്കപ്പെട്ടുപോകാമായിരുന്ന ജീവിതം. എന്നിട്ടും അത് നേർവഴിയെ മാത്രം സഞ്ചരിച്ചു. ഒടുവിൽ എത്തിച്ചേർന്നതാകട്ടെ പത്രോസിന്റെ സിംഹാസനത്തിലും..
അതെ, പറഞ്ഞുവരുന്നത് ജോൺ പോൾ രണ്ടാമൻ മാർപാപ്പയെക്കുറിച്ചാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ.. അന്ന് ഡോക്ടർ നശിപ്പിച്ചുകളയാൻ നിർദ്ദേശിച്ച ആ കുഞ്ഞായിരുന്ന ജോൺ പോൾ.. അന്ന് അദ്ദേഹത്തിന്റെ അമ്മ അങ്ങനെ കൃത്യമായ ഒരു തീരുമാനം എടുത്തില്ലായിരുന്നുവെങ്കിൽ.. എന്താകുമായിരുന്നു ലോകത്തിന്റെ അവസ്ഥ.. മരണസംസ്കാരത്തിനെതിരെ നിരന്തരം പോരാടുവാൻ ജോൺ പോളിന് കരുത്തായി മാറിയതും താൻ പിന്നിട്ടുവന്ന ജീവിതത്തിന്റെ ഈ കനൽവഴികൾ തന്നെ. ഒരാളുടെ അനുഭവവും അയാളുടെ ജീവിതവും ലോകത്തിന് തന്നെ പ്രകാശമായി മാറുന്നുവെന്ന് ജോൺപോളിന്റെ അനുഭവം സാക്ഷി..

ഇന്നും ലോകത്തിന്റെ ഏതെല്ലാമോ ഇടങ്ങളിലെ ആശുപത്രികളിൽ നിന്ന് ഗർഭിണികളോട് ഡോക്ടേഴ്സ് പറയുന്നുണ്ട് ഈ കുഞ്ഞ് നിങ്ങളുടെ പ്രഫഷന്, ആയുസിന്, സൗന്ദര്യത്തിന് ദോഷം ചെയ്യും. അതുകൊണ്ട് നശിപ്പിച്ചുകളയൂ എന്ന്.. ആത്മാവിൽ വെളിച്ചം ഇല്ലാത്ത ഗർഭിണികൾ അതനുസരിക്കും. ഫലമോ ലോകത്തിന് ലഭിക്കാമായിരുന്ന നന്മകളുടെ വഴികൾ എന്നേക്കുമായി അടഞ്ഞുപോകും.
അന്ന് ജോൺ പോളിന്റെ അമ്മ അങ്ങനെ പറഞ്ഞില്ലായിരുന്നുവെങ്കിൽ കത്തോലിക്കാസഭയുടെ ചരിത്രം തന്നെ മാറിപ്പോകുമായിരുന്നില്ലേ? ലോകത്തെ മാറ്റിമറിക്കാൻ ദൈവം ഇന്നും അനേകം കുഞ്ഞുങ്ങൾക്ക് ജന്മം നല്കി ഭൂമിയിലേക്ക് അയയ്ക്കുന്നുണ്ട്. മനുഷ്യന്റെ സ്വാർത്ഥത അവയ്ക്കെല്ലാം കത്തിവെയ്ക്കുന്നുണ്ടെന്ന് മാത്രം.